**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1461** **19-09-2025 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിൽ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ടി. സിദ്ദിഖ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്കൂളുകളിൽ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | സ്കൂൾ സുരക്ഷ, കുട്ടികളുടെ സുരക്ഷ, പരിസര ശുചീകരണം , ഉച്ചഭക്ഷണം, യാത്രാസുരക്ഷ എന്നിവ സംബന്ധിച്ച കാര്യങ്ങൾ ഉൾപ്പെടുത്തി 13/05/2025, 31/05/2025, 26/07/2025, 07/08/2025 എന്നീ തീയതികളിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കുലറാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതിന് വിദ്യാഭ്യാസ ആഫീസർമാർക്ക് നിർദ്ദേശം നൽകുകയും, ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പുവരുത്താൻ വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച പൊതുവായ പ്രധാന നടപടികൾ ചുവടെ ചേർക്കുന്നു.<br><br>സംവിധാനങ്ങൾ, ഫയർ സുരക്ഷാ സംവിധാനങ്ങൾ തുടങ്ങിയവ കൃത്യമായി പരിശോധിക്കുന്നതിന് വിവിധ വകുപ്പുകളുടെ സഹായത്തോടെ സുരക്ഷാ ഓഡിറ്റുകൾ നടത്താൻ നിർദേശിച്ചിട്ടുണ്ട്. സ്കൂളുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ നിർബന്ധമാക്കിയിട്ടുണ്ട്<br><br>*<u>**പാമ്പ് കടി പോലുള്ള അപകടങ്ങൾ തടയാൻ മാർഗരേഖകൾ**</u> : സ്കൂൾ പരിസരവും ക്ലാസ് മുറികളും വൃത്തിയായി സൂക്ഷിക്കുന്നതിനും പാമ്പുകളും മറ്റ് ഇഴജന്തുക്കളും കയറാതെ ശ്രദ്ധിക്കുന്നതിനും കർശന നിർദേശങ്ങൾ നൽകിയിട്ടുണ്ട് വിദ്യാർത്ഥികളുടെ ബാഗുകളും ഷൂസുകളും ക്ലാസ് മുറികൾക്ക് പുറത്ത് വയ്ക്കുന്നത് ഒഴിവാക്കാൻ പ്രത്യേക നിർദേശങ്ങളുണ്ട്.<br><br>*<u>**ഗതാഗത സുരക്ഷ**</u>:- സ്കൂൾ ബസുകളുടെയും മറ്റ് വാഹനങ്ങളുടെയും ഫിറ്റ്നസ് കൃത്യമായി പരിശോധിക്കാൻ മോട്ടോർ വാഹന വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഡ്രൈവർമാർക്ക് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സ്കൂൾ സമയങ്ങളിൽ സ്കൂളുകൾക്ക് മുന്നിൽ വാഹനങ്ങളുടെ വേഗത നിയന്ത്രിക്കാനും പാർക്കിംഗ് തടയാനും പോലീസുമായി സഹകരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നു.<br><br>***ദുരന്ത നിവാരണ പരിശീലനം (Disaster Management Training)** :<br><br>പ്രളയം, തീ പിടുത്തം, ഭൂകമ്പം തുടങ്ങിയ ദുരന്തങ്ങളെ നേരിടാൻ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും പരിശീലനം നൽകുന്നു. ഇതിന്റെ ഭാഗമായി മോക് ഡ്രില്ലുകൾ സംഘടിപ്പിക്കുന്നു. ഓരോ സ്കൂളിനും ഒരു ദുരന്ത നിവാരണ പ്ലാൻ തയ്യാറാക്കാൻ നിർദേശം നൽകിയിട്ടുണ്ട്<br><br>*** വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരി വിരുദ്ധ നടപടികൾ** : സ്കൂളിന് സമീപമുള്ള കടകളിൽ<br><br>ലഹരി ഉൽപ്പന്നങ്ങൾ വിൽക്കുന്നത് തടയാൻ കർശന നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്; സ്കൂൾ തലത്തിൽ ലഹരി വിരുദ്ധ കമ്മിറ്റികൾ രൂപീകരിക്കുകയും കുട്ടികൾ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പാക്കാൻ പരിശോധനകൾ നടത്തുകയും ചെയ്യുന്നു. ഈ നടപടികൾ കൂടാതെ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കുന്നതിൽ സ്കൂൾ അധികൃതർക്കും പി.ടി.എയ്ക്കും പ്രധാന പങ്കുണ്ട്. ടി വിഷയത്തിൽ സർക്കാർ നിർദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ജില്ലാതലത്തിൽ ഉറപ്പുവരുത്തിയിട്ടുണ്ടെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്. |
| (ബി) | വയനാട് പനമരത്ത് സ്കൂളിൽ വച്ച് മൂന്നാം ക്ലാസ് വിദ്യാർത്ഥിയെ നായ കടിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | സ്കൂളും പരിസരവും വൃത്തിയായി സൂക്ഷിക്കാനും തെരുവ് നായ്ക്കളുടെ ശല്യമുണ്ടെങ്കിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അടിയന്തര തുടർനടപടികൾ സ്വീകരിക്കാൻ വിദ്യാഭ്യാസ ഓഫീസർമാരുടെ മീറ്റിംഗുകളിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ നേരിട്ട് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ